# 33

# കൈപ്പും മധുരവും
# (വെളിപ്പാട് 10:1- 4, 8- 11)

സഭയ്ക്ക് പ്രതിസന്ധി നേരിട്ടപ്പോൾ അത് എന്തു ചെയ്യണമായിരുന്നു? ഭയത്തോടെ ദൈവം ഇടപെടേണ്ടതിന് കാത്തിരിക്കേണമായിരുന്നോ? സന്ദേശം മൃദുലമാക്കി ആർക്കും ഇടർച്ച വരുത്താതിരിക്കേണമോ? വിഷമസന്ധികളിൽ, സഭ ധൈര്യത്തോടെ, ധീരമായി, സ്പഷ്ടമായി സംസാരിക്കണമെന്നാണ് വെളിപ്പാട് 10 ഉം 11 ഉം പറയുന്നത്. അദ്ധ്യായം 11-ൽ, അനന്തരഫലം എന്തായാലും സഭയ്ക്കുള്ള വെല്ലുവിളി വചനം പ്രസംഗിക്ക എന്നതാണ്.

അത്തരം പ്രയാസമുള്ള വെല്ലുവിളി സഭ എങ്ങനെ നേരിടും? വചനത്തെ *അനുമോദിക്കയും വിനിയോഗിക്കുകയും* ചെയ്താൽ അതിനു കഴിയുമെന്ന ഊന്നലാണ് അദ്ധ്യായം 10 നൽകുന്നത്. നമ്മുടെ കഴിഞ്ഞ പാഠം *അനുമോദിക്കുന്നതിനെ* കുറിച്ചായിരുന്നു, ഈ പാഠം വിനിയോഗിക്കുന്നതിനെ കുറിച്ചാണ്.

### ആവശ്യം (10:1-4, 8, 9)

"ശക്തനായ ദൂതന്റെ കയ്യിൽ" "തുറന്ന ഒരു ചെറുപുസ്തകം" ഉണ്ടായിരുന്നതായി അദ്ധ്യായം 10-ൽ ആദ്യത്തെ ഏഴ് വാക്യങ്ങൾ നമ്മോട് പറയുന്നു (വാ. 1, 2). ആ ചെറുപുസ്തകം ദൈവത്തിൽനിന്നുള്ള സന്ദേശമായിരുന്നു.

പ്രകാശം ദൂതനിൽനിന്ന് യോഹന്നാനിലേക്ക് മാറ്റി: "ഞാൻ സ്വർഗത്തിൽനിന്നു കേട്ട ശബ്ദം പിന്നെയും എന്നോട് സംസാരിച്ചു" (വാ. 8). അത് അവനോട് മുമ്പ് ഏഴ് ഇടിമുഴക്കം പറഞ്ഞത് എഴുതേണ്ട എന്ന് പറഞ്ഞ ശബ്ദമായിരുന്നു (വാ. 3, 4). ആ ശബ്ദം ഇപ്പോൾ അവനോട് പറഞ്ഞു, "നീ ചെന്ന് സമുദ്രത്തിന്മേലും ഭൂമിമേലും നിൽക്കുന്ന ദൂതന്റെ കയ്യിൽ തുറന്നിരിക്കുന്ന പുസ്തകം വാങ്ങുക" (വാ. 8).[1]

നിരീക്ഷകൻ എന്ന നിലയിൽനിന്ന് പെട്ടെന്ന് യോഹന്നാൻ പങ്കാളിയാകുവാൻ തുടങ്ങി. നിങ്ങൾ ഒരു കാഴ്ചക്കാരനായിരിക്കുമ്പോൾ, നിങ്ങളെ പെട്ടെന്ന് വേദിയിലേക്ക് ക്ഷണിച്ചാൽ നിങ്ങൾക്ക് എന്തു തോന്നുമെന്ന് ചിന്തിക്കുക. നിങ്ങൾ ഒരുപക്ഷെ അത്ഭുതപ്പെടുകയോ, വികാരഭരിതനാകുകയോ, ആവേശഭരിതനാകുകയോ, ആശങ്കാകുലനാകുകയോ ചെയ്യും. യോഹന്നാന് അതേ പ്രതികരണങ്ങൾ ഉണ്ടായിക്കാണാം. അങ്ങനെയെങ്കിൽ അവനു മടിയുണ്ടായിക്കാണുകയില്ല. അവൻ പറഞ്ഞു, "ഞാൻ ദൂതന്റെ അടുക്കൽ ചെന്ന്, പുസ്തകം തരുവാൻ പറഞ്ഞു" (വാ. 9).

ദൂതൻ പ്രതികരിച്ചു, "അത് എടുത്ത്, തിന്നുക" (വാ. 9). തിന്നുകയോ? നമ്മുടെ ഉടനെയുള്ള പ്രതികരണം, "ഞങ്ങൾ പുസ്തകം തിന്നാറില്ല! നാം അതിനെ അലമാരയിൽ പൊടി പിടിച്ച് വെക്കുവാൻ അനുവദിക്കും. ഞങ്ങൾ അവയെ പുഷ്പങ്ങൾ പ്രെസ് ചെയ്യുവാനും പൊട്ടിയ മേശപ്പുറത്ത് ഇട്ടിരിക്കും; ചിലപ്പോൾ, നാം വായിക്കുവാനും തയ്യാറാകും; പക്ഷെ അവയെ ഞങ്ങൾ തിന്നാറില്ല!" അല്ലേ? വാസ്തവത്തിൽ, നമുക്ക് ഇഷ്ടപ്പെട്ട പുസ്തകം "വിഴുങ്ങി കളയും" എന്ന പ്രയോഗം നാം സംസാരിക്കുന്നുണ്ട്. ഫ്രാൻസിസ്

ബേക്കൺ പറഞ്ഞു, "ചില പുസ്തകങ്ങൾ രുചിക്കുവാനുള്ളതാണ്, മറ്റുള്ളവ, വിഴുങ്ങേണ്ടതും, വേറെ ചിലത് ചവച്ചരച്ച് ദഹിപ്പിക്കേണ്ടതുമാണ്."[2]

പുസ്തകം "തിന്നുക" എന്ന ഭാവന യോഹന്നാന് ഒരിക്കലും അസാധാരണമായി തോന്നിയിരിക്കയില്ല. പ്രവാചകനായിരുന്ന യെഹസ്കേലിനോട് കൽപിച്ചു, "ഈ ചുരുൾ തിന്നുക ... ഈ ചുരുൾ നീ വയറ്റിലാക്കി ഉദരം നിറക്ക ..." (യെഹെസ്കേൽ 3:1–3).[3] ദൈവ വചനത്തെ കുറിച്ച് സംസാരിച്ച യിരെമ്യാവ് പറഞ്ഞു, "ഞാൻ നിന്റെ വചനങ്ങളെ [ദൈവത്തിന്റെ] കണ്ടെത്തി ഭക്ഷിച്ചിരിക്കുന്നു, നിന്റെ വചനങ്ങൾ എനിക്ക് സന്തോഷവും എന്റെ ഹൃദയത്തിന് ആനന്ദവും ആയി" (യിരെമ്യാവ് 15:16). ബൈബിളിനെ പലപ്പോഴും ഭക്ഷിക്കുന്ന ആഹാരവുമായി താരതമ്യം ചെയ്തിട്ടുണ്ട് (മത്തായി 4:4; 1 കൊരിന്ത്യർ 3:1, 2; എബ്രായർ 5:12–14; 1 പത്രൊസ് 2:2).

എബ്രായ വിചാരത്തിൽ, ഒരാൾ പുസ്തകം "തിന്നു" എന്നു പറഞ്ഞാൽ, അതിലെ വാക്കുകൾ അയാൾ രുചിച്ചു, ആ ഉപദേശങ്ങൾ ആസ്വദിച്ച്, അതിലെ സത്യങ്ങൾ മനസിലാക്കി എന്നാണ്. റോബർട്ട് മുതോളന്റ് എഴുതി, "ആ രൂപം വ്യക്തമാക്കുന്നത്, ദൈവവചനം പൂർണ്ണമായി ലയിപ്പിക്കുകയും അത് ജീവിതത്തിൽ ഒരാൾ ഭാഗമാക്കി പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ്."[4] ഫലത്തിൽ, യോഹന്നാനോട് കൽപ്പിച്ചത്, ആ സന്ദേശം അവന്റെ ജീവിതത്തിന്റെ ഭാഗമാക്കുവാനായിരുന്നു. ദൈവസന്ദേശത്തെ സന്ദേശവാഹകനിൽനിന്ന് വേർപിരിക്കുവാൻ സാധ്യമല്ല.

ദൈവത്തിന്റെ വചനം ഓരോരുത്തരുടേയും ജീവിതത്തിന്റെ ഒഴിച്ചുകൂടാനാവാത്ത ഭാഗമാക്കുക എന്നതാണ് കർത്താവിന്റെ സഭയിലെ അംഗങ്ങളുടെ ഏറ്റവും വലിയ ആവശ്യം. അത് ചിലപ്പോൾ മാത്രം ആസ്വദിക്കുകയോ, ആഴ്ച്ചയിൽ ഒരിക്കൽ അൽപമൽപം കഴിക്കുകയോ ചെയ്താൽ സാധ്യമല്ല. നാം വചനം "തിന്നണം!" അത് നമ്മുടെ മനസിന്റെ ഭാഗമാകുന്നതുവരെ വായിക്കുക. നമ്മുടെ ഹൃദയത്തിന്റെ ഭാഗമാകുന്നതുവരെ വായിക്കുക. അത് നമ്മുടെ ആത്മാവിന്റെ ഭാഗമാകുന്നതുവരെ അന്വേഷിച്ചുകൊണ്ടിരിക്കണം. അത് ജീവിതത്തിന്റെ ഭാഗമാകുന്നതുവരെ അനുസരിച്ചുകൊണ്ടിരിക്കണം. അപ്പോഴാണ്, അപ്പോൾ മാത്രമാണ്, "ക്രിസ്തുവിന്റെ വചനം [നമ്മിൽ] വസിക്കുന്നത്" (കൊലൊസ്യർ 3:16).

യോഹന്നാൻ പുസ്തകം തിന്നുവാൻ തയ്യാറായപ്പോൾ, അതിന് അനന്തരഫലമുണ്ടാകുമെന്ന് ദൂതൻ മുന്നറിയിച്ചു: "അത് നിന്റെ വായിക്ക് മധുരവും ഉദരത്തിന് കൈപ്പും ആയിരിക്കും" (വാ. 9).

ദൈവത്തിന്റെ വചനം ഇഷ്ടമുള്ളവർക്ക് "തേൻ പോലെ മധുരം" എന്നു പറയുന്നത് മനസിലാക്കുവാൻ പ്രയാസമില്ല. സങ്കീർത്തനക്കാരൻ പറഞ്ഞു, "തിരുവചനം എന്റെ അണ്ണാക്കിന് എത്ര മധുരം, അവ എന്റെ വായിക്ക് തേനിലും മധുരം" (സങ്കീർത്തനങ്ങൾ 119:103; സങ്കീർത്തനങ്ങൾ 19:10 നോക്കുക).

നേരെ മറിച്ച്, "ഉദരത്തിന് കൈപ്പായിരിക്കും"[5] എന്നത് ചിലർക്ക് അസാധാരണമായി തോന്നിയേക്കാം – എന്നാൽ കുറെ കാലം ദൈവവചനം എടുത്ത് കൈകാര്യം ചെയ്തിട്ടുള്ളവർക്ക് സന്ദേശത്തിന്റെ മധുരവും – കൈപ്പും മനസിലാക്കുവാൻ പ്രയാസമില്ല എന്ന് ഞാൻ പറയട്ടെ. പ്രസംഗിക്കുകയും ഉപദേശിക്കുകയും ചെയ്യുമ്പോൾ, നിങ്ങളുടെ മുഖത്ത് പുഞ്ചിരി വിടരും, എന്നാൽ അത് നിങ്ങളുടെ കണ്ണിൽനിന്ന് കണ്ണുനീർ വീഴ്ത്തും.

യെഹസ്കേലിന്റെ പുസ്തകമനുസരിച്ച്, യെഹസ്കേലിന്ന് ചുരുൾ ലഭി

ച്ചപ്പോൾ, അത് “അവന്റെ വായിക്ക് തേൻ പോലെ മധുരമായിരുന്നു” (3:3), എന്നാൽ ചുരുളിൽ, “വിലാപങ്ങളും, സങ്കടവും, കഷ്ടവും” (2:10) ഉണ്ടായിരുന്നതുകൊണ്ട് യെഹെസ്ക്കേലിന്ന് ആ “കൈപ്പ്” അനുഭവപ്പെടുവാൻ അധികം സമയം വേണ്ടിവന്നില്ല (3:14). യിരെമ്യാവ്, വചനം തിന്നപ്പോൾ, അവന്റെ ഹൃദയത്തിന് സന്തോഷവും ആനന്ദവുമുണ്ടായി (യിരെമ്യാവ് 15:16); എന്നാൽ പിന്നീട് അവൻ പറഞ്ഞു, “യഹോവയുടെ വചനം എനിക്ക് ഇടവിടാതെ നിന്ദെക്കും പരിഹാസത്തിന്നും ഹേതുവായിരിക്കുന്നു” (യിരെമ്യാവ് 20:8).

കയ്പുംമധുരവുമുള്ള യോഹന്നാന്റെ സന്ദേശത്തിലെ “കൈപ്പ്” എന്തായിരുന്നു: (എ) അപ്പൊസ്തലൻ പാപത്തെ വെളിപ്പെടുത്തേണ്ടിയിരുന്നില്ലേ (9:21; 18:3)? (ബി) അവന്റെ സന്ദേശത്തിലധികവും അനുതാപം വരാത്തവരെ ശിക്ഷിക്കുമെന്നായിരുന്നില്ലേ (19:20; 20:10, 15)? (സി) കുറച്ചോ, അല്ലെങ്കിൽ കൂടുതലോ ആളുകൾ അവന്റെ സന്ദേശം തിരസ്ക്കരിക്കുമായിരുന്നില്ലേ (9:20, 21; 16:11)? (ഡി) മനുഷ്യർ അവന്റെ പ്രസംഗത്തോട് പ്രതികരിച്ചത് ഉപദ്രവിച്ചുകൊണ്ടായിരുന്നില്ലേ (11:7; 12:17)? “മുകളിൽ പറഞ്ഞതെല്ലാം” എന്നതായിരിക്കും എന്റെ ഉത്തരം.

### പ്രതികരണം (10:10)

പുസ്തകം തിന്നാലുാകുന്ന അനന്തരഫലം കേട്ടിട്ടും യോഹന്നാൻ പിന്തിരിഞ്ഞില്ല. അവൻ പറഞ്ഞു, “ഞാൻ ദൂതന്റെ കയ്യിൽനിന്ന് ചെറുപുസ്തകം വാങ്ങി തിന്നു” (വാ. 10). (ഈ പാഠത്തിന്റെ അവസാനമുള്ള “യോഹന്നാൻ പുസ്തകം തിന്നുന്നു” എന്ന ചിത്രീകരണം നോക്കുക.) ദൂതൻ മുന്നറിയിച്ചതുപോലെ തന്നെയായിരുന്നു ഫലം: “അത് എന്റെ വായിൽ തേൻ പോലെ മധുരമായിരുന്നു. തിന്നുകഴിഞ്ഞപ്പോൾ എന്റെ വയറ് കൈച്ചുപോയി” (വാ. 10).

നിർഭാഗ്യവശാൽ, അനേകർക്ക് ഇന്ന് കൈപ്പുള്ള സന്ദേശം ആവശ്യമില്ല. യെശയ്യാവിന്റെ കാലത്തെ ആളുകളെപ്പോലെ അവർ സന്ദേശവാഹകനോട് പറയും, “[ഒരു] മധുരവാക്ക് ഞങ്ങളോട് സംസാരിപ്പിൻ” (യെശയ്യാവ് 30:10; 2 തിമൊഥെയോസ് 4:3 നോക്കുക). എന്നിരുന്നാലും, ദൈവത്തിന്റെ വിശ്വസ്ത സന്ദേശവാഹകർ മധുരവാക്കായിരിക്കയില്ല പ്രസംഗിക്കുന്നത്. അവർ “ദൈവത്തിന്റെ ആലോചന ഒട്ടും മറെച്ചുവെക്കാതെ സംസാരിക്കും” (പ്രവൃത്തികൾ 20:27). അവർ “പ്രബോധിക്കുകയും” “തർജ്ജനം ചെയ്യുകയും” “ശാസിക്കയും ചെയ്യും” (2 തിമൊഥെയൊസ് 4:2).

എച്ച്. എൽ എലിസൺ പറഞ്ഞു, “ശ്രേഷ്ഠമായ ഒരു മൂലകം സുവിശേഷത്തിലുള്ളത്, അതിനെ വികൃതമാക്കാതെ അതിനെ നീക്കം ചെയ്യുവാൻ സാധ്യമല്ല”[6] പാപത്തെ കുറിച്ച് ബോധ്യം വരാതെ ആളുകൾ കൃപ ആഗ്രഹിക്കുകയില്ല. നഷ്ടപ്പെടുന്നതിന്റെ അർത്ഥം അറിയാതെ ആളുകൾ രക്ഷ അന്വേഷിക്കുകയില്ല. നരകത്തിന്റെ ഭയങ്കരമായ അവസ്ഥയെ കുറിച്ചുള്ള സത്യം ആളുകൾക്ക് ബോധ്യപ്പെടാതെ അവർ സ്വർഗത്തിന്റെ സന്തോഷത്തെ അനുമോദിക്കുകയില്ല.

സഭയുടെ ഏറ്റവും വലിയ ആവശ്യങ്ങളിലൊന്ന്, അംഗങ്ങൾ ഓരോരോത്തരും ദൈവവചനം അവരുടെ ജീവിതത്തിന്റെ ഭാഗമാക്കേണം എന്നതാണെന്ന് മുൻപ് ഞാൻ പറഞ്ഞു. മധുരത്തോടുകൂടെ കൈപ്പും നാം സ്വീകരിച്ചാൽ മാത്രമെ അത് സാധ്യമാകു. മധുരമുള്ളത് വിഴുങ്ങുവാനും, കൈപ്പായത് തുപ്പിക്കളയുവാനും ദൈവം ആരെയും അനുവദിക്കുന്നില്ല. ദൈവത്തെ പ്ര

സാദിക്കുവാൻ നാം "എല്ലാം തിന്നണം," "എല്ലാം സ്വീകരിക്കണം," "എല്ലാം അനുസരിക്കണം."

**ഉത്തരവാദിത്വം (10:11)**

ആ ചെറുപുസ്തകം തിന്നുവാൻ യോഹന്നാനോട് പറഞ്ഞത് അവന്റെ വിശപ്പ് അടക്കുവാനോ ഉച്ചക്കുശേഷമുള്ള ലഘുഭക്ഷണത്തിനോ ആയിരുന്നില്ല. മറിച്ച്, കൂടുതൽ സേവനത്തിനായി അവനെ ഒരുക്കുന്നതിന് വേണ്ടിയായിരുന്നു (10:9-11 യെഹസ്കേൽ 3:1, 4 മായി താരതമ്യം ചെയ്യുക). അപ്പൊസ്തലൻ പുസ്തകം തിന്നുകഴിഞ്ഞപ്പോൾ അവനോട് പറഞ്ഞു,[7] "നീ ഇനിയും അനേക വംശങ്ങളെയും[8] ജാതികളെയും ഭാഷകളെയും രാജാക്കന്മാരെയും കുറിച്ച് പ്രവചിക്കേണ്ടതാകുന്നു"[9] (വാ. 11). യോഹന്നാൻ വെളിപ്പാടിന്റെ പകുതി വഴിയിലെത്തി, എന്നാൽ ഇനിയും കൂടുതൽ വരുവാനിരിക്കുന്നു. വെളിപ്പാടിന്റെ ശേഷിക്കുന്ന ഭാഗത്ത് "വംശങ്ങളെയും, ജാതികളെയും, ഭാഷകളെയും, രാജാക്കന്മാരെയും കുറിച്ച് ധാരാളം കാര്യങ്ങൾ പറയുന്നുണ്ട്."

"*വീണ്ടും* പ്രവചിക്കേണമെന്ന്" യോഹന്നാനോട് പറയുവാൻ കാരണമെന്താണ്?[10] (എംഫസിസ് മൈൻ.) ഒരുപക്ഷെ വെളിപ്പാട് രേഖപ്പെടുത്തുവാനുള്ള പ്രവൃത്തി പൂർത്തിയാക്കുവാനായിരിക്കാം. പേടിസ്വപ്നമുള്ള ലോകത്തിൽ ചില വെളിപ്പാടുകൾക്കായി മണിക്കൂറുകൾ ചെലവഴിക്കുന്നത് എത്രമാത്രം സംഘർഷഭരിതമായിരിക്കുമെന്ന് ഊഹിക്കുവാൻ പോലും എനിക്ക് സാധ്യമല്ല. പ്രോൽസാഹനം ഒരുപക്ഷെ പൊതുവിലുള്ളതായിരിക്കാം. പത്മൊസ് ദ്വീപിൽ ഒറ്റപ്പെട്ടു കഴിഞ്ഞ അപ്പോസ്തലൻ തന്റെ നാളുകൾ എണ്ണപ്പെട്ടിരിക്കുന്നു എന്ന് കരുതിയിരിക്കയാവാം. വെളിപ്പാട് പൂർത്തിയാക്കിയശേഷവും അവനു ചെയ്യുവാൻ പ്രവൃത്തിയുണ്ട് എന്നറിയേണ്ടത് ആവശ്യമായിരുന്നു. ക്രമേണ അവനെ പത്മൊസ് ദ്വീപിൽനിന്ന് മോചിപ്പിക്കയും അവന്റെ ജോലി പുനരാരംഭിക്കയും വേണമായിരുന്നു.[11]

യോഹന്നാന് ആ നിർദ്ദേശം കൊടുക്കുവാൻ കാരണം എന്തായിരുന്നാലും, അവനു മുന്നിലുള്ള പ്രവൃത്തി തിരഞ്ഞെടുക്കാവുന്നതായിരുന്നില്ല. വാക്യം 11 ലെ "മസ്റ്റ്" എന്നത് *ഡെയി* എന്ന ഗ്രീക്ക് വാക്ക് തർജിമ ചെയ്തതാണ്, അത് ഒരു "ധാർമ്മികമായ ആവശ്യത്തെ" ആണ് സൂചിപ്പിക്കുന്നത്. "അവൻ വീണ്ടും അനേക ... വംശങ്ങളെയും ജാതികളെയും, ഭാഷകളെയും, രാജാക്കന്മാരെയും കുറിച്ച് പ്രവചിക്കേണ്ട*തായിരുന്നു*" തന്റെ ശുശ്രൂഷ അവനെ സന്തോഷിപ്പിക്കുമെന്നോ അല്ലെങ്കിൽ "നിവർത്തിയാകുമെന്ന് തോന്നുമെന്നോ" അപ്പൊസ്തലനോട് പറഞ്ഞിരുന്നില്ല, പക്ഷെ അത് *ആവശ്യമായിരുന്നു*. കൊടുക്കേണ്ട വില എന്തായാലും യോഹന്നാനെ പോലെയുള്ളവർ ദൈവവചനം അറിയിക്കുവാൻ സന്നദ്ധരായത് നിമിത്തം നമുക്ക് ദൈവത്തെ വാഴ്ത്താം!

വാക്യം 11 ലെ ആജ്ഞ യോഹന്നാനുള്ളതായിരുന്നു, എന്നാൽ എല്ലാ ക്രിസ്ത്യാനികൾക്കും അത് പ്രായോഗികമാക്കാം. എല്ലാ ആളുകളിലേക്കും വചനം എത്തിക്കേണ്ട ചുമതല ധാർമ്മികമായി നമ്മിൽ ഓരോരുത്തരിലുമുണ്ട് (മത്തായി 28:19; മർക്കൊസ് 16:15; ലൂക്കൊസ് 24:47). വചനത്തെ അനുമോദിക്കുവാൻ നമ്മെ വെല്ലുവിളിക്കുകയാണ് അദ്ധ്യായം 10. വചനത്തെ അനുമോദിക്കയും അത് മറ്റുള്ളവരോട് പങ്കിടുവാനും തയ്യാറാകണം. ഒരു മനുഷ്യന്റെ ജീവിതത്തിൽ രണ്ട് പ്രധാനപ്പെട്ട ദിവസങ്ങളുണ്ടെന്ന് ആരോ പറഞ്ഞിരിക്കുന്നു: ഒന്ന് ഒരു മനുഷ്യൻ ജനിക്കുന്ന ദിവസവും, പിന്നെ അവൻ

എന്തുന് ജനിച്ചു എന്നറിയുന്ന ദിവസവും.[12] നാം ഇവിടെ ആയിരിക്കുന്നതിന്റെ പ്രാഥമികമായ ഉദ്ദേശം ദൈവത്തെ മഹത്വപ്പെടുത്തുക എന്നതാണ് (മത്തായി 5:16; 1 കൊരിന്ത്യർ 6:20; 1 പത്രൊസ് 2:12; 4:16) – അവന്റെ വചനം മറ്റുള്ളവരോട് പങ്കിടുന്നത് അതിൽ ഒരു രീതിയാണ്.

**ഉപസംഹാരം**

അടുത്ത അദ്ധ്യായത്തിന്റെ പ്രാഥമിക ഉദ്ദേശമാണ് വചനം അറിയിക്കുക എന്ന വെല്ലുവിളി ഏറ്റെടുക്കുന്നത്. നാം ആ വെല്ലുവിളി ഏറ്റെടുക്കുന്നതിനു മുൻപ് വചനം നാം എല്ലാ അർത്ഥത്തിലും ജീവിതത്തിൽ കൊണ്ടുവരണം. വചനം മറ്റുള്ളവരോട് അറിയിക്കുന്നതിന് നാം ദൈവവചനത്തെ എത്രമാത്രം അഭിനന്ദിക്കുന്നുണ്ട്? വിഷമസന്ധി നേരിടുമ്പോൾ സഭ അതിനെ അതിജീവിക്കുവാൻ എല്ലാ ക്രിസ്ത്യാനികളും ആദ്യം വചനത്തോട് പറ്റിച്ചേർന്നു ജീവിക്കണം എന്നാണ് അദ്ധ്യായം 10 പറയുന്നത്![13]

---

**പ്രാസംഗികൾക്കും ഉപദേഷ്ടാക്കന്മാർക്കുമുള്ള കുറിപ്പുകൾ**

ഈ പാഠത്തിനു സാധ്യതയുള്ള മറ്റു തലവാചകങ്ങൾ "ദൈവത്തിന്റെ സന്ദേശവാഹകൻ ആകുന്നതിലുള്ള സന്തോഷവും ദുഃഖവും," "ഒരിക്കലും തീരാത്ത ജോലി."

---

കുറിപ്പുകൾ

[1]ദർശനത്തിൽ സ്പഷ്ടമായും, യോഹന്നാൻ ഇപ്പോൾ "സ്വർഗത്തിൽ" (4:1) ആകുന്നതിനു പകരം "ഭൂമിയിൽ" ആയിരുന്നു. ഒരു ദർശനത്തിൽ, ഭൗതികമായി യോഹന്നാൻ ഭൂമിയിലും സ്വർഗത്തിലും ആകാതിരുന്നു. [2]ഫ്രാൻസിസ് *ബേക്കൺ, ഓഫ് സ്റ്റഡീസ്*, ക്വോട്ടഡ് ഇൻ ജോൺ ബാർലെറ്റ്, *ബാർലെറ്റ്സ് ഫെമിലിയർ ക്വട്ടേഷൻസ്*, ജെന. എഡി., ജസ്റ്റിൻ കാപ്ലാൻ (ബോസ്റ്റൺ ലിറ്റിൽ, ബ്രൗൺ ആന്റ് കമ്പനി., 1992), 160. ബേക്കൺ (1561–1626), അദ്ദേഹം ഒരു ഇംഗ്ലിഷ് എസ്സേ എഴുത്തുകാരനും, വക്കീലും, രാജ്യതന്ത്രജ്ഞനും, തത്വജ്ഞാനിയും ആയിരുന്നു. "വിഷം പോലെയുള്ളത്" ചിലർ ഒഴിവാക്കണം എന്നത് അതിനോട് ചേർക്കണം. [3]യെഹെസ്ക്കേൽ 2:8 മുതൽ 3:14 വായിച്ച് വെളിപ്പാട് 10 മായി താരതമ്യപ്പെടുത്തുക. [4]എം. റോബർട്ട് മുതോളന്റ്, ജൂനിയർ., *റെവെലേഷൻ: ഹോളി ലിവിങ്ങ് ഇൻ ആൻ അൺഹോളി വേൾഡ്,* ഫ്രാൻസിസ് ആസ്ബറി പ്രസ് കമെന്ററി, ജെന. എഡി., എം. റോബർട്ട് മുതോളന്റ് ജൂനിയർ. (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഫ്രാൻസിസ് ആസ്ബറി പ്രസ്, 1990), 201. [5]അമേരിക്കയിൽ ഇപ്പോഴും അതേ പ്രയോഗം ഉപയോഗിക്കുന്നുണ്ട്. മോശമായ വർത്തമാനത്തെ ഞങ്ങൾ "വിഴുങ്ങുവാൻ പ്രയാസമുള്ള ഗുളികകൾ" എന്നാണ് പറയുന്നത്. [6]എച്ച്. ഐ. എലിസൺ, *1 പത്രൊസ് – റെവെലേഷൻ,* സ്ക്രിപ്ചർ യൂണിയൻ ബൈബിൾ സ്റ്റഡി ബുക്സ് സീരീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1969), 63. [7]വേദഭാഗത്ത്, "അവർ എന്നോട് പറഞ്ഞു" എന്നാണ്. അവർ എന്ന് പറയുന്നത് ആരാണെന്ന് നമുക്ക് തീർച്ചയില്ല. ഒരുപക്ഷെ ദൂതനും ശബ്ദവും ആയിരിക്കാം. അല്ലെങ്കിൽ ദൈവവും കുഞ്ഞാടും ആയിരിക്കാം. "അത് എന്നോട് പറഞ്ഞിരുന്നു" എന്നു മാത്രമാണ് അർത്ഥമാക്കുന്നതെന്ന് ഗ്രീക്ക് പണ്ഡിതന്മാർ പറഞ്ഞിരിക്കുന്നു. [8]വളരെ ചർച്ച ചെയ്യപ്പെട്ട വിഷയമാണ്

ഗ്രീക്ക് പ്രിപോസിഷൻ തർജിമ ചെയ്തിരിക്കുന്ന "കൺസേണിങ്ങ്" എന്നത്. *എപി* എന്ന വാക്കിന്റെ അടിസ്ഥാന അർത്ഥം, "ഓൺ" എന്നാണ്. ആ വാക്ക് "ബിഫോർ" എന്ന് തർജിമ ചെയ്യണമെന്ന് ചിലർ ശഠിക്കുന്നു (കെജെവി നോക്കുക), അതിനെ തുടർന്നുവരുന്ന ഭാഗം നോക്കിയാൽ തർജിമ "ഓൺ, എബൗട്ട്, കൺസേണിങ്ങ്" എന്നാണെന്ന് മനസിലാകും. എൻകെജെവിയിൽ, "എബൗട്ട്" എന്നാണ്. [9]പാഠത്തിൽ നാം മുൻപ് നോക്കിയതുപോലെ, ഈ ലിസ്റ്റ് വെളിപ്പാട് പുസ്തകത്തിൽ മറ്റൊരു സ്ഥലത്ത് "എല്ലായിടത്തുമുള്ള എല്ലാവരെയും" ഉദ്ദേശിച്ച് പറഞ്ഞിട്ടുണ്ട് (7:9; 11:9; 17:15 നോക്കുക). ഇവിടെ പ്രധാനപ്പെട്ട ഒരു വ്യത്യാസം കാണാം: "ഗോത്രങ്ങൾ" എന്നതിന് പകരം ഇവിടെ "രാജാക്കന്മാർ" എന്നാണ്. അത് ഒരുപക്ഷെ വെളിപ്പാടിന്റെ അവസാനഭാഗത്ത് . രാജാക്കന്മാരെ പരാമർശിക്കുന്നതുകൊ־ണ്ടായിരിക്കാം. (അദ്ധ്യായം 17 നോക്കുക). [10]വെളിപ്പാട് എഴുതുവാൻ യോഹന്നാനെ ദൈവം നിയോഗിച്ചത്, യോഹന്നാനും അവന്റെ വായനക്കാർക്കും അവരെ പരിശോധനക്ക് വിധേയമാക്കുവാനായിരുന്നു ആ വാക്കുകൾ എന്ന് ചിലർ വിശ്വസിക്കുന്നു.

[11]പത്മൊസിൽനിന്ന് മോചിക്കപ്പെട്ടശേഷമുള്ള യോഹന്നാന്റെ പ്രവർത്തനങ്ങളെ കുറിച്ച് പരിഗണിക്കത്തക്ക ഊഹാപോഹങ്ങൾ നടത്തിയിട്ടുണ്ട്. യുവ സുവിശേഷകന്മാർക്കായി അവന് എഫെസൊസിൽ ഒരു സ്ക്കുളുണ്ടായിരുന്നു എന്ന് ചിലർ വിശ്വസിക്കുന്നു. അവൻ സഞ്ചരിച്ചുകൊണ്ടിരുന്നു എന്ന് ചിലർ വിശ്വസിക്കുന്നു. അവന്റെ അവസാന നാളുകൾ അവൻ എഫെസൊസിൽ ചെലവഴിച്ചു എന്ന് (ദൈവശ്വാസിയമല്ലാത്ത) പാരമ്പര്യം പറയുന്നു. അതൊഴിച്ച് അവന്റെ പ്രവൃത്തികളെ കുറിച്ച് ഊഹിക്കുവാൻ മാത്രമെ കഴിയു. [12]ജിം മെക്ഗ്വിഗിൻ, *ദ ബുക്ക് ഓഫ് റെവെലേഷൻ, ലുക്കിങ് ഇൻടു ദ ബൈബിൾ സീരീസ്* (ലബ്ബക്ക്, ടെക്സ്.: ഇന്റർനാഷ്ണൽ ബിബിളിക്കൽ റിസോഴ്സസ്, 1976), 106.

---

### ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ

1. അദ്ധ്യായം 10 ലെ ആദ്യ ഏഴ് വാക്യങ്ങൾ അവലോകനം നടത്തുക.
2. ഏത് അർത്ഥത്തിലാണ് നമുക്ക് ഒരു പുസ്തകം "തിന്നാവുന്നത്"? വചനം "തിന്നുന്നതിൽ" എന്തെല്ലാം ഉൾപ്പെട്ടിരിക്കുന്നു?
3. ഏതർത്ഥത്തിലാണ് ദൈവത്തിന്റെ സന്ദേശം "മധുരമായും" ഏതർത്ഥത്തിലാ ണ് "കൈപ്പായും" ഇരിക്കുന്നത്?
4. നാം "മധുരത്തോടു" കൂടി "കൈപ്പും" സ്വീകരിക്കണോ?
5. പുസ്തകം തിന്നശേഷം യോഹന്നാനോട് എന്താണ് പറഞ്ഞത്? നമുക്ക് അതേ ആജ്ഞ നൽകപ്പെട്ടിട്ടുണ്ടോ?



യോഹന്നാൻ പുസ്തകം തിന്നുന്നു (10:10)